**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പി.വി. രാമചന്ദ്രൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 424/2015 & CP. No. 32/2016 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ)നം. 3657/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 14/11/2017

പരാമർശം:- 1. സ.ഉ (സാധാ) നം 716/16/തസ്വഭവ, തീയതി 20.02.2016.

2. സ.ഉ (അ) 185/02/ധന, തീയതി 27.03.2002.

3. ശ്രീ. പി.വി. രാമചന്ദ്രൻ ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 424/2015 & CP. No. 32/2016 നമ്പർ കേസ്സിന്മേലുള്ള 29.02.2016-ലെ ഉത്തരവ്.

4. പഞ്ചായത്ത് ഡയറക്ടറുടെ 06.08.2016-ലെ H2-9242/15 നം. കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പി.വി. രാമചന്ദ്രൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 424/2015 & CP. No. 32/2016 നമ്പർ കേസ്സിന്മേൽ ബഹു ട്രിബ്യൂണൽ ശ്രീ. പി.വി. രാമചന്ദ്രന് 8% പലിശയോട് കൂടി 13.02.2013 മുതൽ പേയ്മെന്റ് തീയതി വരെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. പി.വി. രാമചന്ദ്രന് 50 വയസ്സ് തികഞ്ഞ 15.03.2003 ൽ വകുപ്പുതല പരീക്ഷയിൽ ഇളവ് നൽകി ടി ദിവസം മുതൽ പ്രാബല്യത്തിൽ 20, 23 വർഷത്തെ സേവനത്തിനുള്ള സമയബന്ധിത ഗ്രേഡ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ ഫയൽ ചെയ്ത OA No. 424/2015 നമ്പർ കേസ്സിന്മേൽ ശ്രീ. പി.വി. രാമചന്ദ്രന് 20 വർഷ യോഗ്യതാസേവനം പൂർത്തിയാക്കിയ മുറയ്ക്കുള്ള രണ്ടാം സമയബന്ധിത ഹയർഗ്രേഡ് 01.09.1995 തീയതി പ്രാബല്യത്തിൽ 08.12.1993 ലെ സ.ഉ(പി) നം. 930/93(2)/ഫിൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള അയോഗ്യതാ സ്കെയിലായ 1125-1720 ൽ കെ.എസ്.ആർ പാർട്ട് 1 ചട്ടം 28 എ പ്രകാരം നിർണ്ണയിച്ച് കൊണ്ടും 1997 ലെ ശമ്പള പരിഷ്കരണം 3590-5400 സ്കെയിലിൽ നിർണ്ണയിച്ച ശേഷം മൂന്നാം സമയബന്ധിത ഗ്രേഡ് 01.11.1998 പ്രാബല്യത്തിൽ ടിയാന്റെ ഓപ്ഷന് വിധേയമായി അയോഗ്യത സ്കെയിലായ 4000-6090 സ്കെയിലിൽ കേരള സർവ്വീസ് റൂൾസ് പാർട്ട് 1ൽ ചട്ടം 28എ പ്രകാരം അനുവദിച്ച നൽകി കൊണ്ടും ടിയാന് 15.03.2003 ൽ 50 വയസ്സ് പൂർത്തിയായതിനാൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ സ്പെഷ്യൽ ക്വാളിഫിക്കേഷൻ ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി നിർബന്ധിത വകുപ്പുതല പരീക്ഷ എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവായ തീയതി പ്രാബല്യത്തിൽ വകുപ്പുതല പരീക്ഷ വിജയിക്കുന്നതിൽ നിന്നും ഇളവ് നൽകി കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീ. പി.വി. രാമചന്ദ്രന്റെ 20, 23 വർഷത്തെ സേവനത്തിനുള്ള സമയബന്ധിത ഹയർഗ്രേഡ് ടി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുവദിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിച്ച് അംഗീകാരത്തിനായി അക്കൗണ്ടന്റ് ജനറലിന് അയച്ച് നൽകിയിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. DCRG തുകയ്ക്ക് പലിശ അനുവദിക്കാൻ കെ.എസ്.ആർ-ൽ വ്യവസ്ഥയൊന്നും നിലവിലില്ലെന്ന് മാത്രമല്ല പരാമർശം (2) ഉത്തരവനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ വകുപ്പുതല നടപടി തീർപ്പാക്കി ഒരു വർഷത്തിനകം അനുവദിക്കേണ്ടതുമാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പി.വി. രാമചന്ദ്രന്റെ DCRG 8% പലിശ നിരക്കിൽ 2071-01-104-88(C) NP എന്ന ശീർഷകത്തിൽ നിന്നും അനവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. തുകയുടെ കൃത്യത സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

5. ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.02.2016-ലെ OA No. 424/2015 & CP. No. 32/2016 നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. പി.വി. രാമചന്ദ്രൻ, രാജശ്രീ, വെള്ളാടിക്കുന്ന്, നെല്ലിക്കാട്ടിരി. പി.ഒ, പാലക്കാട് 679533. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് (06.03.2017 ലെ Dev1/66/15/ധന നമ്പർ കുറിപ്പ് പ്രകാരം)
നിയമവകുപ്പ് (08.08.2016 ലെ 15395/Suit II CD/16/നിയമം നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം. 31/ഇപിഎ 1/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ